# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4038 — 27.06.2012-ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജിലെ ബണ്ട് നിർമ്മാണം

ചോദ്യം : ശ്രീ. മോൻസ് ജോസഫ്

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കുട്ടനാട് പാക്കേജിൽ ബണ്ട് നിർമ്മാണത്തിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ടെൻഡർ ചെയ്യുന്നതിനു പകരം ഓരോ പാടശേഖരത്തിന്റെയും ടെൻഡർ പ്രത്യേകം ക്ഷണിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (എ) കുട്ടനാട് പാക്കേജിൽ ബണ്ട് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിരിക്കുന്നത് ഗ്രൂപ്പ് അടിസ്ഥാനത്തിലാണ്. ഭരണാനുമതി നൽകിയതിനനുസരിച്ച് മാത്രമേ സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിക്കാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും പാടശേഖരങ്ങളായി പ്രത്യേകം ടെൻഡർ ക്ഷണിക്കുന്നതിന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) ടെൻഡർ നടപടികളുടെ അനാവശ്യ കാലതാമസവും ഓഫീസ് നടപടി ക്രമങ്ങളുടെ സങ്കീർണ്ണതകളും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) നിയമാനുസൃതമായ രീതിയിൽ ടെൻഡർ നടപടികൾ നടത്തുമ്പോൾ ഉണ്ടാകുന്ന കാലതാമസം അല്ലാതെ മറ്റു കാലതാമസമൊന്നും ഉണ്ടാകുന്നില്ല. |
| (സി) കുട്ടനാട് പാക്കേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ അതാത് പാടശേഖരങ്ങളെ ഏൽപ്പിക്കുന്നതിൽ ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ വല്ലതുമുണ്ടോ ? | (സി) കുട്ടനാട് പാക്കേജിന്റെ എഫ്.എം.പി.സ്കീം പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സെൻട്രൽ വാട്ടർ കമ്മീഷന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ് നടന്നുവരുന്നത്. പ്രസ്തുത മാനദണ്ഡപ്രകാരമുള്ള സാമ്പത്തികവും സാങ്കേതികവുമായ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ പദ്ധതിക്ക് ഗ്രാന്റ് അനുവദിക്കുന്നത്. നിലവിൽ ഇത്തരം നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ലാത്തതിനാൽ ഈ വിഷയം സർക്കാർ പരിശോധിച്ചിട്ടില്ല. |